# അഫിലിയേഷൻ നിബന്ധനകൾ

(വാഫി - വഫിയ്യ - വഫിയ്യ_ഡേ കോളേജ്)

**11- APRIL-2017**

تنسيق الكليات الاسلامية

**CO-ORDINATION OF ISLAMIC COLLEGES**

**Member, International Islamic Universities League**

**ISO 9001: 2015 Certified**

Reg. No: 379/04, HO: Markaz Valanchery, PO: Karthala, 679571, Malappuram, Kerala-India
Ph: 7025687788, 9497313222, www.wafycic.com, wafycic@gmail.com

# കോ-ഓർഡിനേഷൻ ഓഫ് ഇസ്‌ലാമിക് കോളജസി(സി.ഐ.സി)ന്റെ അഫിലിയേഷനുള്ള പൊതു നിബന്ധനകൾ

1. പുതിയ അഫ്‌ലിയേഷനുള്ള അപേക്ഷ ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റി പൂരിപ്പിച്ച് ഡിസംബർ 31നു മുമ്പായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
2. അഫിലിയേഷൻ അപേക്ഷയോടൊപ്പം കാമ്പസ് സൈറ്റ് മാപ്പും ബിൽഡിംഗിന്റെ ഡ്രോയിങ്ങും അളവുകളും സമർപ്പിക്കേണ്ടതാണ്.
3. മാർച്ച് 10ന് മുമ്പ് സൗകര്യങ്ങൾ പൂർത്തിയാക്കി ഇൻസ്പെക്ഷന് സജ്ജമാകേണ്ടതാണ്.
4. അഫ്‌ലിയേഷൻ ഫീ 25000 രൂപയും, ഇൻസ്പെക്ഷൻ ചാർജ് 2000 രൂപയും അഫ്‌ലിയേഷൻ സമയത്ത് നൽകേണ്ടതാണ്.
5. അഫ്‌ലിയേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ മാസം 3000 രൂപ വീതം സി.ഐ.സിക്ക് വരിസംഖ്യ അടക്കേണ്ടതാണ്.
6. വിദ്യാർത്ഥികളുടെ അഡ്മിഷൻ, പരീക്ഷ തുടങ്ങിയവയിൽ സി. ഐ. സി. നിഷ്കർഷിക്കുന്ന നിബന്ധനകളും മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കേണ്ടതാണ്.

## 1. അടിസ്ഥാന സൗകര്യങ്ങൾ

### (a) ക്ലാസ് റൂം

1. ഓരോ ക്ലാസ് മുറിയും 20X20 വിസ്തൃതിയിൽ (ഒരു ക്ലാസ്സ് റൂമിൽ ഒരു വിദ്യാർത്ഥിക്ക് മിനിമം 10 സ്ക്വയർ ഫീറ്റ് സൗകര്യം) ക്രമീകരിക്കേണ്ടതാണ്. (രണ്ടുക്ലാസുകൾക്കിടയിൽ സ്ക്രീനുകളോ മറ്റു താൽക്കാലിക ഡിവൈഡറുകളോ മതിയാകുന്നതല്ല).
2. ക്ലാസ് റൂമുകളിൽ മതിയായ ലൈറ്റ്, ശീതീകരണ സംവിധാനം (2 ട്യൂബ്, 2 ഫാൻ).
3. 30 കുട്ടികൾക്ക് ഒരു ഡിവിഷൻ, 4 വിദ്യാർത്ഥികൾക്ക് ഒരു ബെഞ്ച് .
4. ഡെസ്ക്, ബ്ലാക്ക് ബോർഡ്, പുസ്തകം വെക്കാനാവശ്യമായ ഷെൽഫുകൾ, അധ്യാപകർക്ക് മേശ, പീഠം.

### (b) ലൈബ്രറി

കോഴ്സിന്റെ വിവിധ ഘട്ടങ്ങളിൽ താഴെ പറയുന്ന സൗകര്യങ്ങളുള്ള ലൈബ്രറി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**തംഹീദിയ്യ (Preparatory)**

1. 200 ൽ കുറയാത്ത അറബി ബാലസാഹിത്യ ഗ്രന്ഥങ്ങൾ.
2. ആവശ്യമായ ഇംഗ്ലീഷ്,അറബി, മലയാളം നിഘണ്ടുകൾ.
3. സിലബസ് വിഷയങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങൾ حواشي ، شروح
4. 100 ൽ കുറയാത്ത ഇംഗ്ലീഷ് ബാലസാഹിത്യ കൃതികൾ.
5. 500 ൽ കുറയാത്ത മാതൃഭാഷാ പുസ്തകങ്ങൾ.
6. മലയാളം ഇംഗ്ലീഷ് ദിനപത്രങ്ങൾ.
7. അഞ്ചിൽ കുറയാത്ത മലയാളം ആനുകാലികങ്ങൾ.
8. ഗ്ലോബുകൾ, മാപുകൾ, സിലബസ്സുമായി ബന്ധപ്പെട്ട കാസറ്റുകൾ, സി.ഡികൾ.
9. ഭാഷാ നൈപുണ്യത്തിന് വേണ്ടി സ്മാർട്ട് ക്ലാസ്സ് റൂം.
10. ആകെ 850 ൽ കുറയാത്ത ഗ്രന്ഥങ്ങൾ.
11. ഓരോ വർഷവും ലൈബ്രറി സൗകര്യങ്ങളിൽ 20% വർദ്ധനവ് വരുത്തേതാണ്.

**ആലിയ (Degree)**

**തംഹീദിയ്യ തലത്തിലെ മുഴുവൻ സൗകര്യങ്ങൾക്കു പുറമെ താഴെ പറയുന്ന അധിക സൗകര്യങ്ങൾ** :

12. സിലബസിലെ മുഴുവൻ ഗ്രന്ഥങ്ങളും അവയോട് ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും.

13. യൂണിവേഴ്സിറ്റി ഡിഗ്രി വിഷയങ്ങളുടെ സിലബസ് ഗ്രന്ഥങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ.
14. ഇംഗ്ലീഷ്, അറബി, മലയാളം ആനുകാലികങ്ങൾ.
15. അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ജേണലുകൾ.
16. അറബി ഗ്രന്ഥങ്ങൾ 700, ഇംഗ്ലീഷ് 300, ഉറുദു 100 (തംഹീദിയ്യ സൗകര്യങ്ങൾ ഉൾപ്പെടെ 1600 ഗ്രന്ഥങ്ങൾ)
17. ഓരോ വർഷവും ലൈബ്രറി സൗകര്യങ്ങളിൽ 20% വർദ്ധനവ് വരുത്തേതാണ്.

<u>മുത്വവ്വൽ (പി.ജി)</u>

**തംഹീദിയ്യ, ആലിയ ഘട്ടങ്ങളിലെ സൗകര്യങ്ങളോടൊപ്പം താഴെ പറയുന്ന അധികം സൗകര്യങ്ങൾ** :

18. സിലബസിലെ മുഴുവൻ ഗ്രന്ഥങ്ങൾ, അവയുടെ വ്യാഖ്യാനങ്ങൾ, ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങൾ ( حواشي ، شروح )
19. മുത്വവ്വൽ സ്ഥാപനങ്ങളിൽ 5000 ത്തിൽ കുറയാത്ത ഗ്രന്ഥങ്ങൾ.
20. അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി പരമാവധി ജേണലുകൾ.
21. പുതിയ C.D കൾ, കൃതികൾ, റഫറൻസ് ഗ്രന്ഥങ്ങൾ, തിസീസുകൾ.
22. ഓരോ വർഷവും ലൈബ്രറി സൗകര്യങ്ങളിൽ 20% വർദ്ധനവ് വരുത്തേതാണ്.

## (c) ഓഫീസ്, സ്റ്റാഫ് റൂമുകൾ

1. പ്രിന്റർ, സ്കാനർ, ഷെൽഫ്, സി.ഐ.സി ഫയൽ, കോളേജ് ഫയൽ, ഇൻവാർഡ് ഔട്ട് വാർഡ് രജിസ്റ്റർ, ലെറ്റർ പാഡ്, സീൽ, ഇന്റർനെറ്റ് കണക്ഷൻ, തുടങ്ങിയവയുള്ള സുസജ്ജമായ സ്വന്തം ഓഫീസ്.
2. പ്രിൻസിപ്പാൾ ഓഫീസ്, അദ്ധ്യാപകർക്ക് സ്റ്റാഫ് റൂം എന്നിവ സംവിധാനിക്കേണ്ടതാണ്.
3. അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇന്റിവിജ്വാലിറ്റിയുള്ള / മാന്യമായ സൗകര്യങ്ങൾ.

## (d) മറ്റു അടിസ്ഥാന സൗകര്യങ്ങൾ

1. വൈദ്യുതി നിലക്കുമ്പോൾ പവർ ബേക്കപ്പ് സംവിധാനം.
2. എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ചിരിക്കാനുള്ള സൗകര്യം (ഓഡിറ്റോറിയം). (സൗകര്യം പള്ളിയിലാണെങ്കിൽ ക്യാമ്പസിലെ പള്ളി തന്നെയായിരിക്കേണ്ടതാണ്.)
3. റീഡിംഗ് ഏരിയ, മെഡിക്കൽ റൂം, വാട്ടർ പ്യൂരിഫെയർ
4. കാമ്പസിനു ചുറ്റുമതിൽ
5. വിദ്യാർഥികൾക്ക് ആക്ടിവിറ്റി റൂം
6. സൗണ്ട് സിസ്റ്റം.
7. ഒരു സ്മാർട്ട് ക്ളാസ്സ് റൂം.

## (e) അധ്യാപകർ

1. സിലബസ് വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യരായ അദ്ധ്യാപകർ.

| ക്ലാസ് | അധ്യാപകരുടെ എണ്ണം | യോഗ്യത |
|---|---|---|
| തംഹീദിയ്യ | 3 (ഫുൾടൈം) | പി.ജി |
| ആലിയ | 7 (ഫുൾ ടൈം) | പി.ജി. |
| പി.ജി. | സി. ഐ. സി അനുവദിച്ച ശുഅ്ബകൾക്കനുസരിച്ച് | പി.ജി, 10 വർഷത്തെ അധ്യാപന പരിചയം |

2. ഒരദ്ധ്യാപകന് ഒരു ദിവസം പരമാവധി 5 പിരീയഡ് മാത്രം (ഒരാഴ്ചയിൽ 30 പിരീയഡ്).
3. അദ്ധ്യാപകരുടെ അടിസ്ഥാന ശമ്പളം :12,000.
4. പി.ജി യോഗ്യത ഇല്ലാത്ത അദ്ധ്യാപകരുടെ ശമ്പളം:10,000.
5. തസ്തികകളും ശമ്പളവും താഴെ ചേർക്കുന്നു.

| തസ്തിക | യോഗ്യത | ശമ്പളം |
|---|---|---|
| **ലക്ചറർ** | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക് | 12,000 |

| | | |
|---|---|---|
| **അസിസ്റ്റന്റ് പ്രൊഫസർ** | • മാസ്റ്റർ ഡിഗ്രിയിൽ 55% മാർക്ക്<br>• WET(വാഫി എലിജിബിലിറ്റി ടെസ്റ്റ്) or PhD or 5 വർഷത്തെ അധ്യാപന പരിചയം | 14,000 |
| **അസോസിയേറ്റ് പ്രൊഫസർ** | • 2 പബ്ലിഷ്ഡ് വർക്കുകൾ<br>• 10 വർഷത്തെ പരിചയം or 5 വർഷത്തെ പരിചയവും PhD യും | 16,000 |
| **പ്രൊഫസർ** | • 4 പബ്ലിഷ്ഡ് വർക്കുകൾ<br>• 15 വർഷത്തെ പരിചയവും PhD യും or 20 വർഷത്തെ പരിചയം | 20,000 |
| **പ്രിൻസിപ്പാൾ** | • 2 പബ്ലിഷ്ഡ് വർക്കുകൾ<br>• 22 വർഷത്തെ പരിചയം or 17 വർഷത്തെ പരിചയവും PhD യും | |

(വാഫി അധ്യാപക തസ്തിക നിർണ്ണയത്തിൽ പബ്ലിഷ്ഡ് വർക്കായി പരിഭാഷ, ജോയന്റ് വർക്സ്, ലക്ഷണമൊത്ത ശറഹ്, എന്നിവ പരിഗണിക്കുന്നതാണ്. 200 പേജ് ഒരു ബുക്കായി പരിഗണിക്കും. ഒരു പബ്ലിഷ്ഡ് ബുക്കിനു തുല്യമായ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങൾ ഒരു പബ്ലിഷ്ഡ് ബുക്കായി പരിഗണിക്കും, ഒരു സെമിനാർ പ്രബന്ധം ഒരു ലേഖനമായി പരിഗണിക്കും, രിസാലക്കു ഗൈഡായി 30 പോയന്റു നേടുന്നത് ഒരു പബ്ലിഷ്ഡ് ബുക്കിനു തുല്യമായി പരിഗണിക്കും. മൂല്യനിർണ്ണയത്തോടൊപ്പം രിസാലകളെ എ.ബി.സി എന്നിങ്ങനെ ഗ്രേഡ് തിരിച്ച് എ ഗ്രേഡ് നേടുന്ന രിസാല ഗൈഡിന് 3 പോയന്റും ബി ഗ്രേഡ് നേടുന്ന രിസാല ഗൈഡിന് 2 പോയന്റും സി ഗ്രേഡ് നേടുന്ന രിസാല ഗൈഡിന് 1 പോയന്റും നൽകുക.)

6. അധ്യാപകർ ആവശ്യപ്പെടുന്ന മുറക്ക് അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ യോഗ്യതകൾ (നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം) അക്കാദമിക് കൗൺസിൽ നിർണ്ണയിച്ചു നൽകുന്നതാണ്. വാഫി സിലബസിനോട് തത്വത്തിൽ സമാനതയുള്ള സിലബസ് പഠിപ്പിച്ച പരിചയം അംഗീകരിക്കുന്നതാണ്.
7. തസ്തിക നിർണ്ണയത്തിൽ രിസാലയുടെ ഗ്രേഡുകൾ എ.ബി.സി നേടാൻ യഥാക്രമം 80, 70, 60 ശതമാനം മാർക്കുകൾ നേടേതാണ്.
8. അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിർണ്ണയത്തിൽ പി.ജി.മാർക്ക് ലഭ്യമല്ലെന്ന് തെളിയിക്കപ്പെടുന്ന സാഹചര്യത്തിൽ മൂന്നു വർഷത്തെ അധിക പരിചയം പരിഗണിക്കാവുന്നതാണ്.
9. വാഫി ഫെസ്റ്റ് സ്പോർട്സ് തുടങ്ങിയവയിൽ മത്സരിക്കുന്ന വിദ്യാർത്ഥികൾക്കൊപ്പം ഒരു അധ്യാപകനും മത്സരാർത്ഥികൾ അല്ലാത്തവരുണ്ടാകുമ്പോൾ രണ്ട് അധ്യാപകരും നിർദ്ദേശിക്കപ്പെട്ട സെഷനുകളിൽ മുഴുവൻ അധ്യാപകരും ഉണ്ടായിരിക്കേ താണ്.

## (f) ഗ്രേഡിംഗ്

രണ്ടു വർഷത്തിലൊരിക്കൽ സി.ഐ.സി നടത്തുന്ന ഗ്രേഡിംങ് ഇൻസ്പെക്ഷൻ അടിസ്ഥാനപ്പെടുത്തി സ്ഥാപനങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡും സ്റ്റാറും നൽകപ്പെടും. അഡ്മിഷൻ സമയത്ത് പ്രസിദ്ധീകരിക്കുന്ന പ്രൊസ്പെക്ടസിൽ വിശദാംശങ്ങൾ നൽകുന്നതുമാണ്.

ഗ്രേഡും സ്റ്റാറും നൽകുന്നത് താഴെ കാണിക്കും പ്രകാരമായിരിക്കും.

| Mark | Grade | Star |
|---|---|---|
| 90 –100 % | A | **** |
| 80 -89 % | B | *** |
| 70 -79 % | C | ** |
| 60 -69 % | D | * |

# 2 വാഫി കോഴ്സിന് ബാധകമാവുന്ന അടിസ്ഥാന സൗകര്യങ്ങൾ

## (a) ലൈബ്രറി:

1. ലൈബ്രറി പ്രവർത്തന സമയം സുബ്ഹി മുതൽ രാത്രി 11/12 മണി വരെ
2. 50 ൽ കുറയാത്ത ഉറുദു പുസ്തകങ്ങൾ.

## (b) ഹോസ്റ്റൽ

1. ഒരു കുട്ടിക്ക് മിനിമം 40 സ്ക്വയർ ഫീറ്റിൽ ക്യൂബിക്കിൾ സൗകര്യത്തോടെ സിങ്കിൾകട്ടിലോടുകൂടിയ സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം.
2. ഡ്രസ്സ് വെക്കാനാവശ്യമായ ബോക്സ്.
3. അയേൺ ചെയ്യാൻ മതിയായ സൗകര്യം, ഡ്രസ്സിംഗ് കോർണർ.
4. 8 കുട്ടികൾക്ക് 1 വീതം ബാത്റൂമുകളും ടോയ്‌ലെറ്റുകളും.
5. ഹോസ്റ്റലിൽ/ഹോസ്റ്റലിനോട് ചേർന്ന് എമർജൻസി ടോയ്‌ലറ്റ്.
6. താമസ യോഗ്യമായ ബാത്ത് അറ്റാച്ച്ഡ് ഗസ്റ്റ് റൂം.

### മറ്റു അടിസ്ഥാന സൗകര്യങ്ങൾ

1. കോഴ്സ് തുടങ്ങാൻ ചുരുങ്ങിയത് പത്ത് കുട്ടികളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.
2. ഓരോ സ്ഥാപനത്തിനും കൃത്യമായി പാലിക്കപ്പെടുന്ന സമീകൃതാഹാര മെനു ഉണ്ടായിരിക്കേണ്ടതാണ്. (കുട്ടികളുടെ പ്രായവും ആരോഗ്യ നിയമങ്ങളും കേരളീയ ജീവിത നിലവാരവും കുട്ടികളുടെ പരിമിതികളും പരിഗണിച്ചായിരിക്കണം മെനു തയ്യാറാക്കുന്നത്.)
3. ഡൈനിംഗ് ഹാൾ, കിച്ചൺ, ബാത്ത് റൂം, എന്നിവ ടൈൽ ചെയ്ത് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
4. ക്ലാസ് റൂം, ലൈബ്രറി, സ്റ്റാഫ് റൂം, ഓഡിറ്റോറിയം, ഹോസ്റ്റൽ തുടങ്ങിയ കെട്ടിടങ്ങളുടെ നിലം ഏറ്റവും ചുരുങ്ങിയത് കാവി / റെക്സിൻ, മേൽക്കൂര ഓട് / ഷീറ്റ് ആയിരിക്കേണ്ടതാണ്.
5. വ്യായാമം / കളി തുടങ്ങിയവക്ക് സൗകര്യങ്ങൾ.
6. അലക്കാനും ഉണക്കാനും മതിയായ സൗകര്യങ്ങൾ.

# 3. വഫിയ്യ കോഴ്സിന് ബാധകമാവുന്ന അടിസ്ഥാന സൗകര്യങ്ങൾ

1. പഠനം, താമസം, നിസ്കാരം, ഭക്ഷണം, അലക്കൽ, ഉണക്കൽ, വ്യായാമം തുടങ്ങി മുഴുവൻ കാര്യങ്ങൾക്കും മതിയായ സൗകര്യങ്ങളോടു കൂടിയ കെട്ടിടവും ഉയരം കൂടിയ ചുറ്റുമതിലുള്ള സ്വന്തം കാമ്പസും.
2. വിദ്യാർത്ഥിനികളെ വന്നു കാണാൻ അനുവദിക്കപ്പെടുന്നവർ മറ്റു വിദ്യാർത്ഥിനികളെ കാണാൻ ഇടവരാത്ത വിധം വേറിട്ട സ്വീകരണ സൗകര്യം.
3. പുരുഷാധ്യാപകർ പ്രായം കൂടിയവർ മാത്രം.
4. വിദ്യാർത്ഥിനികളുടെ ശിക്ഷണത്തിനു ഇസ്‌ലാമിക നിയമങ്ങളും സംസ്കാരങ്ങളും വേഷവും കാത്തു സൂക്ഷിക്കുന്ന മുഴുസമയ മാർഗ്ഗ ദർശകകൾ .
5. ആവശ്യമുള്ള അധ്യാപികമാർക്ക് ഫാമിലി താമസ സൗകര്യം നിർബന്ധമായും നൽകേണ്ടതാണ്.
6. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കാമ്പസിന് പുറത്ത് പ്രായമുള്ള പാറാവുകാർ.
7. അകത്ത് പാചകത്തിനും വിതരണത്തിനും സ്ത്രീ തൊഴിലാളികൾ മാത്രം.
8. ഇസ്‌ലാമിക ശിക്ഷണത്തിനും അന്തരീക്ഷ സൃഷ്ടിക്കും ഭംഗം വരുത്തുന്ന വിധത്തിൽ ക്ലാസിലും ഹോസ്റ്റലിലും മറ്റും അന്യ സ്ത്രീകളുടെയോ വിദ്യാർത്ഥിനികളുടെയോ ഇടപഴകൽ ഇല്ലാതിരിക്കുക.
9. യൂണിഫോം പർദ്ദയും മഫ്തയും.
10. കോഴ്സ് തുടങ്ങാൻ ചുരുങ്ങിയത് പത്ത് കുട്ടികളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.
11. ഓരോ സ്ഥാപനത്തിനും കൃത്യമായി പാലിക്കപ്പെടുന്ന സമീകൃതാഹാര മെനു ഉണ്ടായിരിക്കേണ്ടതാണ്. (കുട്ടികളുടെ പ്രായവും ആരോഗ്യ നിയമങ്ങളും കേരളീയ ജീവിത നിലവാരവും കുട്ടികളുടെ പരിമിതികളും പരിഗണിച്ചായിരിക്കണം മെനു തയ്യാറാക്കുന്നത്.)
12. ഡൈനിംഗ് ഹാൾ, കിച്ചൺ, ബാത്ത് റൂം, എന്നിവ ടൈൽ ചെയ്ത് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
13. ക്ലാസ് റൂം, ലൈബ്രറി, സ്റ്റാഫ് റൂം, ഓഡിറ്റോറിയം, ഹോസ്റ്റൽ തുടങ്ങിയ കെട്ടിടങ്ങളുടെ നിലം ഏറ്റവും ചുരുങ്ങിയത് കാവി / റെക്സിൻ, മേൽക്കൂര ഓട് / ഷീറ്റ് ആയിരിക്കേണ്ടതാണ്.

## (a) ലൈബ്രറി:

4. ലൈബ്രറി പ്രവർത്തന സമയം സുബ്ഹി മുതൽ രാത്രി 11/12 മണി വരെ

## (b) ഹോസ്റ്റൽ

7. ഒരു കുട്ടിക്ക് മിനിമം 40 സ്ക്വയർ ഫീറ്റിൽ ക്യൂബിക്കിൾ സൗകര്യത്തോടെ സിങ്കിൾകട്ടിലോടുകൂടിയ സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം.
8. ഡ്രസ്സ് വെക്കാനാവശ്യമായ ബോക്സ്.
9. അയേൺ ചെയ്യാൻ മതിയായ സൗകര്യം, ഡ്രസ്സിംഗ് കോർണർ.
10. 8 കുട്ടികൾക്ക് 1 വീതം ബാത്റൂമുകളും ടോയ്‌ലെറ്റുകളും.
11. ഹോസ്റ്റലിൽ/ഹോസ്റ്റലിനോട് ചേർന്ന് എമർജൻസി ടോയ്‌ലറ്റ്.
12. താമസ യോഗ്യമായ ബാത്ത് അറ്റാച്ച്ഡ് ഗസ്റ്റ് റൂം.

# 4. വഫിയ്യ ഡേ കോളേജിന് ബാധകമാവുന്ന അടിസ്ഥാന സൗകര്യങ്ങൾ

1. ഒരു ബാച്ച് തുടങ്ങുമ്പോൾ ചുരുങ്ങിയത് 30 കുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്.
2. യൂണിഫോം കറുപ്പല്ലാത്ത കളർ പർദ്ദയും വഫിയ്യ മഫ്തയും.
3. പരീക്ഷകൾ സിഐസി പരീക്ഷാ കലണ്ടർ പ്രകാരമായിരിക്കും നടക്കുക.
4. ഫീസ് നിശ്ചയിക്കുന്നത് സിഐസി അനുവാദത്തോടെ മാത്രമായിരിക്കേണ്ടതാണ്.
5. സാനിറ്ററി സൗകര്യങ്ങൾ സർക്കാർ നിയമപ്രകാരം പൂർത്തീകരിക്കേണ്ടതാണ്.
6. പുരുഷാധ്യാപകർ പ്രായവും പക്വതയുമുള്ളവർ മാത്രം.
7. വാഹന ജോലിക്കാരും പ്രായവും പക്വതയുമുള്ളവർ മാത്രം. വാഹനങ്ങളിൽ സ്ത്രീ പുരുഷ ഏകാന്തത പാടുള്ളതല്ല.
8. ഫ്രണ്ട് ഓഫീസ്, വിദ്യാർത്ഥിനികളുടെ വിഹാര സ്ഥലങ്ങളിൽ നിന്നു വേർപെട്ടു നിർത്തപ്പെടേണ്ടതാണ്; അവിടെ ജോലിചെയ്യുന്നവർ പ്രായവും പക്വതയുമുള്ളവർ ആയിരിക്കേണ്ടതാണ്.
9. വഫിയ്യ ഡേ കോളേജ് പ്രവർത്തന സമയത്ത് തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സപ്പറേറ്റ് സ്ഥാപനമായിരിക്കേണ്ടതാണ്. മറ്റു വനിതകളോടോ വനിതാസ്ഥാപനങ്ങളോടോ ഇടകലരുന്നതും ഷെയർ ചെയ്യപ്പെടുന്നവയും ആയിരിക്കരുത്.
10. ഒരു വഫിയ്യയെ അധ്യാപികയായി നിയമിക്കേണ്ടതാണ്.
11. അദ്ധ്യാപക അനദ്ധ്യാപകർ അതതു സമയങ്ങളിൽ സിഐസി നിശ്ചയിക്കുന്ന പരിശീലനങ്ങനങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
12. സിഐസി നിശ്ചയിക്കുന്ന പരിശീലനങ്ങളിലും സംഗമങ്ങളിലും മറ്റും രക്ഷിതാക്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
13. സ്ഥാപനത്തിനു വിദ്യാർത്ഥികളുടെ സ്വതന്ത്ര വിഹാരത്തിന് വേണ്ട സ്വകാര്യതയും വിശാലതയും ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനത്തിനോ ചുറ്റു മതിലിനോ പുറമെ നിന്നുള്ള പ്രവേശം പൂർണ്ണമായി നിയന്ത്രിക്കുന്ന കവാടവും പാറാവും ഉണ്ടായിരിക്കേണ്ടതാണ്.
14. **യാത്ര:** വിദ്യാർത്ഥിനികളുടെ വീടു മുതൽ സ്ഥാപനം വരെയുള്ള യാത്ര സുരക്ഷിതമാണെന്നു രക്ഷിതാവും സ്ഥാപനവും ഉറപ്പുവരുത്തേണ്ടതും അതിനു സ്വീകരിക്കുന്ന പഴുതടച്ച രീതികൾ സിഐസിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്. സിഐസി അംഗീകരിക്കാത്ത രീതികൾ സ്വീകരിക്കാൻ പാടുള്ളതല്ല. യാത്രാ രീതി നിശ്ചയിച്ച ശേഷം മാത്രമേ അഫിലിയേഷൻ നിലവിൽ വരൂ (സ്വന്തംവാഹനം, രക്ഷിതാക്കൾ ഏരിയ തിരിഞ്ഞു ഏർപ്പെടുത്തുന്ന വാഹനം, വീടിനു തൊട്ടടുത്തു വരെ എത്തുന്ന സ്ഥാപന വാഹനം, അകലെയല്ലാത്ത വീടുകൾവരെ കൂട്ടകാൽനട, തുടങ്ങിയ രീതികൾ പരിഗണനീയമായിരിക്കും. തിരക്കും ജീവനക്കാരുടെ ശല്യവും ഉണ്ടായേക്കാവുന്ന ലൈൻ ബസുകൾ തുടങ്ങിയവ അനുവദിക്കുന്നതല്ല).
15. കോളേജ് സമയം വളരേ കൃത്യമായിരിക്കേണ്ടതും, അതിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും രക്ഷിതാവിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനത്തിലോ, വീട്ടിലോ വിദ്യാർത്ഥിനി നിർണിത സമയത്ത് എത്താതിരിക്കുമ്പോൾ സ്ഥാപനവും വീടും അടിയന്തിരമായി പരസ്പരം ബന്ധപ്പെടേണ്ടതാണ്.
16. സ്ഥാപനത്തിൽ എത്താൻ നിശ്ചയിച്ച രീതിയും സമയവും തെറ്റുമ്പോൾ രക്ഷിതാവ് കുട്ടിയെ നേരിട്ട് എത്തിക്കേണ്ടതാണ്.
17. സാഹിത്യ സമാജങ്ങളും മറ്റ് കോ കരിക്കുലർ പ്രവർത്തനങ്ങളും WSF തീരുമാനിക്കുന്ന അളവിൽ നടത്തപ്പെടേണ്ടതാണ്.
18. വഫിയ്യ WSF മായി സഹകരിച്ച് ഫെസ്റ്റുകളും സഹവാസ ക്യാമ്പുകളും മറ്റും നടത്തപ്പെടുന്നതാണ്. അവയുടെ വിശദാംശങ്ങളും അളവും WSF നിർദ്ദേശം പരിഗണിച്ച് സിഐസി നിശ്ചയിക്കുന്നതാണ്.
19. 100 മണിക്കൂർ നിർബന്ധ സാമൂഹികസേവനം ഡിഗ്രി പൂർത്തീകരിക്കുന്നതിന് മുമ്പ് ചെയ്ത് തീർക്കേണ്ടതാണ്.

---

تنسيق الكليات الاسلامية

**CO-ORDINATION OF ISLAMIC COLLEGES**

**Member, International Islamic Universities League**

Reg.no :379/04, HO: Markaz Valanchery, PO: Karthala, 679571, Malappuram, Kerala-India
Ph: 7025687788, 9497313222 www.wafycic.com, wafycic@gmail.com